## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2195** **26.03.2013 ലെ മറുപടിയ്ക്ക്**

## നികുതി അദാലത്തുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. കെ.എസ്. സലീഖ** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധനവിലൂടെ എത്ര കോടി രൂപ അധിക നികുതി വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വർദ്ധനവ് വരുത്തുമ്പോൾ ആ വിലവർദ്ധനവിന്മേലുള്ള അധിക നികുതി വേണ്ടെന്നുവയ്ക്കുകയും ഇതിനുവേണ്ടി റവന്യൂ ന്യൂട്രൽ റേറ്റിലുള്ള നികുതി നിരക്ക് കണ്ടെത്തുകയും മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി, വിലവർദ്ധനവ് വരുമ്പോഴും കിട്ടത്തക്കവിധം നികുതി നിരക്ക് കുറച്ച് പുനഃക്രമീകരിക്കുകയും ചെയ്യുന്നു. ഇതിനാൽ വിലവർദ്ധനവിനെ തുടർന്നുള്ള അധികനികുതി ഉപഭോക്താവിലേക്ക് കൈമാറ്റം ചെയ്യുന്നില്ല. 24 ജൂലൈ 2012-ന് എണ്ണക്കമ്പനികൾ പെട്രോളിന്റെ ബേസിക് പ്രൈസിൽ 70 പൈസ കൂട്ടിയപ്പോഴും 16 ഫെബ്രുവരി 2013-ന് 1 രൂപ 50 പൈസയും 01 മാർച്ച് 2013 ന് 1 രൂപ 40 പൈസയും കൂട്ടിയപ്പോഴും നികുതി നിരക്കിൽ പുനഃക്രമീകരണം നടത്തിയിട്ടില്ല. ഇതിന്റെ ഫലമായി സർക്കാരിനു പ്രതിമാസം ലഭിക്കുന്ന നികുതി വരുമാനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| Date of Price Hike | Increase in Basic Price/Liter | Revenue per month (In Crores) |
|---|---|---|
| 24.07.2012 | Rs. 0.70 | 2.42 |
| 16.02.2013 | Rs. 1.50 | 5.34 |
| 01.03.2013 | Rs. 1.40 | 4.99 |

2013 ജനുവരി 18-ന് ഡീസലിന്റെ ബേസിക് പ്രൈസിൽ 45 പൈസയും 16 ഫെബ്രുവരി 2013-ന് 45 പൈസയും കൂട്ടിയപ്പോൾ നികുതി നിരക്കിൽ പുനഃക്രമീകരണം നടത്തിയിട്ടില്ല. ഇതിന്റെ ഫലമായി സർക്കാരിനു പ്രതിമാസം ലഭിക്കുന്ന നികുതി വരുമാനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Date of Price Hike | Increase in Basic Price/Liter | Revenue per month (In Crores) |
|---|---|---|
| 18.01.2013 | Rs. 0.45 | 1.57 |
| 16.02.2013 | Rs. 0.45 | 1.57 |

(ബി) 2012-13 മാർച്ച് 15 വരെ നികുതി ഇനത്തിൽ ഏറ്റവും കൂടുതൽ തുക ഈടാക്കിയ സംസ്ഥാന സർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം, സ്വകാര്യ മേഖലാ സ്ഥാപനം ഇവ ഏതൊക്കെയാണെന്നും എന്ത് തുക പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നികുതി ഇനത്തിൽ ഈടാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിലുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

(സി) നികുതിദായകർ കൂടുതലായി വരുന്ന ഭൂനികുതി, വസ്തു നികുതി, മോട്ടോർ വാഹന നികുതി തുടങ്ങിയവ പിരിച്ചെടുക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

(സി) വിവരം ശേഖരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ.